സംസ്ഥാനതലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ മുഖേന നടത്തിയിട്ടുള്ള സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തുടർ വിദ്യാകേന്ദ്രങ്ങളിലൂടെ വാർഡ് തലത്തിൽ പ്രേരകുമാർ നടത്തിയ സർവ്വേയിലൂടെയുമാണ് പഠിതാക്കളെ കണ്ടെത്തിയിട്ടുള്ളത്. പ്രസിദ്ധ സിനിമാ നടൻ ശ്രീ. ദിലീപ് പ്രതിഫലമൊന്നും കൂടാതെ ഈ പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറാകാൻ തയ്യാറാകുകയും അദ്ദേഹത്തിന്റെ സന്ദേശം പ്രചരണത്തിനായി ഉപയോഗിക്കുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രത്യേക സന്ദേശവും പ്രമുഖ ദൃശ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു.

(ബി) ഇല്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിൽ നടന്ന പ്രവർത്തനങ്ങളും ജനങ്ങൾക്കിടയിൽ ഈ പദ്ധതി ഉണ്ടാക്കിയ പ്രതികരണങ്ങളെക്കുറിച്ചും പഠിച്ച് വിലയിരുത്തുന്നതിനായി ഒരു ബാഹ്യഏജൻസിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ തക്കവിധം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. സംസ്ഥാന തല പ്രഖ്യാപനത്തിന് മുൻപ് ഒരു ബാഹ്യ ഏജൻസിയുടെ വിലയിരുത്തൽ കൂടി ആവശ്യമായതിനാൽ ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്ലാസ്റ്റിക് ഉൾപ്പെടുത്തിയുള്ള റോഡ് ടാറിംഗിന്റെ ഗുണമേന്മ

27 (*417) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. പാലോട് രവി :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, ടാറിനൊപ്പം ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ഗുണമേന്മ പഠനവിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കഞ്ഞ്):

(എ) പഠനവിധേയമാക്കിയിട്ടുണ്ട്. ഇതുവരെ നിർമ്മിക്കേണ്ട പ്ലാസ്റ്റിക് റോഡുകളിലൊന്നും കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശേഖരിച്ച് വേർതിരിച്ചെടുത്ത് വൃത്തിയാക്കി ഷ്രഡ് ചെയ്തശേഷമാണ് ഉപയോഗിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ 2006-ൽ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്ത റോഡ് നാളിതുവരെ മൊത്തമായി ഉപരിതലം പുതുക്കൽ നടത്തിയിട്ടില്ല. ഇത്തരം റോഡുകളുടെ ഉപരിതലം, സാധാരണ രീതിയിൽ ചെയ്ത മറ്റ് റോഡുകളേക്കാളും മെച്ചപ്പെട്ടതായി കാണാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം ഉപരിതലം പുതുക്കലിന്റെ കാലദൈർഘ്യം കൂടുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞു. പരീക്ഷണാടിസ്ഥാനത്തിൽ ചെയ്ത ഈ റോഡ് ഇപ്പോഴും നിരീക്ഷണത്തിലാണ്.

ടാറിംഗ് ചെയ്യാനുപയോഗിക്കുന്ന ചല്ലി ചൂടാക്കുന്നതോടൊപ്പം ചെറു കഷണങ്ങളാക്കിയ പ്ലാസ്റ്റിക് കൂടി ചേർക്കുമ്പോൾ പ്ലാസ്റ്റിക് ഉരുകി ചല്ലിയുടെ പ്രതലത്തിൽ ചേരുന്നു. ഇത് ടാറിംഗിനുപയോഗിച്ചാൽ ഗുണനിലവാരം കൂടുന്നു. പ്ലാസ്റ്റിക് ബിറ്റുമിൻ മിശ്രണം ഉപയോഗിച്ച് പ്രതലീകരണം ചെയ്ത റോഡുകളിൽ അഭിലഷണീയമായ മാറ്റങ്ങൾ ഉള്ളതായി കാണുന്നു. പ്ലാസ്റ്റിക് മിശ്രണം ചെയ്ത ചല്ലി ഉപയോഗിക്കുന്നതുമൂലം വെള്ളം നനയുമ്പോഴുണ്ടാകുന്ന വേർതിരിവ് വളരെയധികം കുറയുന്നു. മഴ ധാരാളമുള്ള കേരളത്തിന് ഇത് ഏറെ അനുകൂലമാണ്. ഒപ്പം, റോഡിന്റെ ഭാരം വഹിക്കാനുള്ള ശക്തി കൂടുന്നു. പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമൂലം ടാറിന്റെ ഉപയോഗം 10%-ത്തിലധികം കുറയ്ക്കാവുന്നതാണ്. കുഴികൾ, പൊട്ടലുകൾ എന്നിവ സാധാരണ റോഡിനേക്കാൾ ഏറെ വൈകിയേ ഉണ്ടായിത്തുടങ്ങുന്നുള്ളൂ. ചൂടുമൂലം ബിറ്റുമിൻ പൊങ്ങിവരുന്നത് (Bleeding) കുറയുന്നു. കുഴികളും പൊട്ടലുകളും (pot holes & cracks) കാലക്രമേണ ഉണ്ടായാൽത്തന്നെ അവയുടെ വളർച്ചാവേഗം സാധാരണ റോഡിനേക്കാൾ കുറവായതുകൊണ്ട് റോഡിന്റെ ഉപയോഗ കാലാവധിക്ക് കാര്യമായ വർദ്ധന ഉണ്ട്. മേൽപ്പറഞ്ഞ ഗുണങ്ങൾ കേരള സർക്കാർ സ്ഥാപനമായ നാറ്റ്പാക്കും, മധുര ത്യാഗരാജ എഞ്ചിനീയറിംഗ് കോളേജും നടത്തിയ ലബോറട്ടറി പരീക്ഷണങ്ങളുടേയും ഗുണപരിശോധനകളുടേയും ഫലത്തിൽ നിന്നും കണ്ടെത്തിയിട്ടുള്ളവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, വയനാട്, പാലക്കാട്, കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത റോഡുകളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് നടത്തിയിട്ടുണ്ട്. ഇത് കൂടുതൽ ജില്ലകളിൽ കൂടുതൽ റോഡുകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

റവന്യൂ വകുപ്പ് ശാക്തീകരണ പദ്ധതി

28 (*418) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ശാക്തീകരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) സംസ്ഥാനത്ത് റവന്യൂ-സർവ്വേ വകുപ്പുകളാണ് ജനങ്ങളുമായി അടുത്ത് ഇടപഴകുന്ന വകുപ്പുകൾ. ആയതിനാൽ ഈ വകുപ്പുകളുടെ ശാക്തീകരണത്തിനായി നിലവിലുണ്ടായിരുന്ന പല പദ്ധതികളും കാലാനുസൃതമായി പരിഷ്കരിച്ച് സുതാര്യവും, വേഗത്തിലും ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പരിഷ്കരിക്കുകയും, പുതിയ പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയും വരുന്നു.

സാധാരണക്കാരുടെ ഭൂമി സംബന്ധമായും, സർവ്വേ സംബന്ധമായും മറ്റ് നിയമക്കുരുക്കിൽപ്പെടാത്ത പരാതികൾ, പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും നടത്തിയ റവന്യൂ-സർവ്വേ അദാലത്ത്. ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം 15-7-2015 വരെ 1,46,71,009

LIBRARY ARCHIVES Kerala Legislative Assembly